# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4542** — 13-11-2019-ലെ മറുപടി

### ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ

<table>
<tr><td colspan="2"><u>ചോദ്യം</u><br>ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ.സി.കെ.നാണു</td><td colspan="2"><u>മറുപടി</u><br>കെ.കൃഷ്ണൻകുട്ടി<br>ജലവിഭവ വകുപ്പുമന്ത്രി</td></tr>
<tr><td>എ)</td><td>കാലാവസ്ഥാ വ്യതിയാനങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും അപ്രതീക്ഷിതമായി ലഭിക്കുന്ന പെരുമഴയും പ്രളയ ദുരിതങ്ങളും കേരളത്തിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന സാഹചര്യത്തിൽ ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനും പ്രളയ നിയന്ത്രണത്തിനും എന്തെങ്കിലും പ്രായോഗിക മാർഗ്ഗങ്ങൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;</td><td>എ)</td><td>ഉണ്ട്. മണിമല, പെരിയാർ,ചാലിയാർ, ചാലക്കുടി, മീനച്ചിൽ, അട്ടപ്പാടി വാലി ജലസേചന പദ്ധതി, കടമാൻതോട് പദ്ധതി , പമ്പാ - അച്ചൻകോവിൽ തുടങ്ങിയ വെള്ളപ്പൊക്ക നിയന്ത്രണ അണക്കെട്ടുകൾ നിർമ്മിക്കാൻ ആലോചിക്കുന്നുണ്ട്.</td></tr>
<tr><td>ബി)</td><td>ഡാമുകളിൽ കാലങ്ങളായി അടിഞ്ഞുകിടക്കുന്ന ചെളിയും മണലും യഥാസമയം നീക്കം ചെയ്യുവാൻ നടപടികളില്ലാതിരുന്നത് ദുരന്തങ്ങളുടെ വ്യാപ്തി വർദ്ധിക്കുവാൻ കാരണമായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ;</td><td rowspan="2">ബി) & സി)</td><td rowspan="2">ഇല്ല. സ.ഉ(കൈ) നം.49/2019/ജവിവ തീയതി 08/11/2019 പ്രകാരം പാലക്കാട് ജില്ലയിലെ മംഗലം റിസർവ്വോയറിൽ Turn Key Method ൽ ചെളിയും മണലും നീക്കം ചെയ്യാനുള്ള ഭരണാനുമതി ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ജലസേചന വകുപ്പിലെ ശേഷിക്കുന്ന ഡാമുകളിലും ഡീസിൽറ്റിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.</td></tr>
<tr><td>സി)</td><td>ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**